| 02-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ഇപ്പോൾ നിങ്ങളുടെ ജ്യോതി തെളിഞ്ഞിരിക്കുന്നു, ജ്യോതി തെളിയുക എന്നാൽ ബൃഹസ്പതീ ദശയിലിരിക്കുക, ബൃഹസ്പതീ ദശയിലി രിക്കുന്നതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകും.**

**ചോദ്യം** -സത്യയുഗത്തിൽ ഓരോ വീടിന്റേയും വിശേഷത എന്തായിരിക്കും, കലിയുഗത്തിൽ ഓരോ വീടും എന്തായിരിക്കുന്നു ?
**ഉത്തരം** -സത്യയുഗത്തിൽ ഓരോ വീട്ടിലും സന്തോഷമുണ്ടാകും. എല്ലാവരുടെ ജ്യോതിയും(ആത്മാവ്) തെളിഞ്ഞിരിക്കും. കലിയുഗത്തിൽ വീട് വീടാന്തരം ദു:ഖവും, ചിന്തയും ആയിരിക്കും. ഓരോ വീട്ടിലും ഇരുട്ടാണ്. ആത്മാവിന്റെ ജ്യോതി അണഞ്ഞിരിക്കുന്നു. തന്റെ ജ്യോതിയിൽ നിന്ന് എല്ലാവരുടെ ജ്യോതിയും തെളിയിക്കുന്നതിന് ബാബ വന്നിരിക്കുന്നു, അതിലൂടെ വീട് വീടാന്തരം ദീപാവലിയുണ്ടാകും.

**ഗീതം** -മാതാ ഓ മാതാ.......

**ഓംശാന്തി**. കുട്ടികൾ മാതാവിന്റെ മഹിമ കേട്ടു. വാസ്തവത്തിൽ ഈ ഉപമ ഒന്നിന് മാത്രമാണ് ഉള്ളത്. അമ്മയേയും ജഗദംബയാക്കുന്ന, ജന്മം നൽകുന്ന വേറെ ആരോ ഒരാൾ ഉണ്ട്. ഇങ്ങിനെയുള്ള അമ്മയ്ക്കും ആരാണ് ജന്മം നൽകിയത് ?പതിത പാവനൻ പരമപിതാ പരമാത്മാവായ ശിവൻ നൽകി എന്ന് പറയും. ഒരേയൊരു ജ്ഞാനസാഗരനും, പതിത പാവനനും ആയ പരമപിതാ പരമാത്മാ ശിവബാബയ്ക്കും മഹിമയുണ്ടാകുന്നു. ആ ശിവബാബയിരുന്ന് കുട്ടികൾക്ക് തന്റേയും തന്റെ രചനയുടേയും ആദി മദ്ധ്യ അന്ത്യത്തിന്റെയും പതിതരെ പാവനമാക്കുന്നതിന്റേയും രഹസ്യം മനസിലാക്കി തരുന്നു. ഈ സമയം പതിത രാജ്യമാണ്, അതിനെ രാവണ രാജ്യം എന്നാണ് പറയുന്നത് എന്നും കുട്ടികൾ മനസിലാക്കിയിട്ടുണ്ട്. ഇപ്പോൾ ദസറ വരികയല്ലേ. ഇവയെല്ലാം അന്ധവിശ്വാസത്തിന്റെ ഉത്സവമാണ് എന്നും മനസ്സിലാക്കി. രാവണനും ലങ്കയും ഒന്നും ഉണ്ടായിരുന്നില്ല. ലങ്ക എന്ന് സിലോണിനേയാണ് പറയുന്നത്. അവിടെ സാഗരത്തിൽ കുരങ്ങന്മാർ പാലമുണ്ടാക്കി എന്ന് കാണിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഇവയെല്ലാം കെട്ടുകഥകളാണ്. ലങ്കയിൽ 10 തലയുള്ള രാവണനൊന്നും രാജ്യം ഭരിച്ചിട്ടില്ല. എങ്കിൽ പിന്നെ അദ്ദേഹത്തിന്റെ കോലം ലങ്കയിൽ തന്നേയാണ് കത്തിക്കേണ്ടത്. രാവണനെ കത്തിക്കുന്ന ആചാരം ഭാരതത്തിൽ മാത്രമാണ് നടക്കുന്നത്, മറ്റ് സ്ഥലങ്ങളിൽ ഒന്നും തന്നെ കത്തിക്കുന്നില്ല. പത്രങ്ങളിലും ഇവിടെ നടത്തുന്നതായാണ് കാണിക്കുന്നത്. ഏറ്റവും കൂടുതൽ ഉത്സവം മൈസൂർ മഹാരാജാവാണ് ആഘോഷിക്കുന്നത്. അവർക്ക് ഒരു പക്ഷേ ഈ കെട്ട് കഥയോട് പ്രേമം തോന്നിയതായിരിക്കാം. ഇതിനേക്കുറിച്ച് മനസിലാക്കി കൊടുക്കേണ്ടത് ഇപ്പോൾ നിങ്ങളുടെ ജോലിയാണ്. ശത്രുക്കളുടെ കോലമാണ് സാധാരണയായി കത്തിക്കാറുള്ളത്. മുമ്പ് ഹിറ്റ്ലറുടെ കോലമുണ്ടാക്കി കത്തിച്ചിരുന്നു. ധാരാളം പേർക്ക് ശത്രുക്കളുണ്ടാകാം. രാവണൻ ആരുടെ ശത്രുവായിരുന്നു? ഭാരതീയരുടെ ശത്രുവായിരുന്നു. എന്നാൽ ശത്രുവിനേയും ഒരു പ്രാവശ്യമേ കത്തിക്കൂ. ഓരോ വർഷവും ആരും തന്നെ ശത്രുവിന്റെ കോലം കത്തിക്കില്ല. ശത്രുവിന്റെ കോലമുണ്ടാക്കുമെങ്കിലും വർഷാവർഷം കത്തിക്കില്ല. വളരെ കാലമായി ഭാരതത്തിൽ 10 തലയുള്ളവന്റെ കോലമുണ്ടാക്കി കത്തിക്കുന്നുവെങ്കിൽ ഈ രാവണൻ ആരാണ് ?മരണം തന്നെയില്ലാത്ത ഈ ശത്രു എന്ന് മുതൽ ഉണ്ടായി ?അവസാനം നശിക്കുമോ അതോ സദാ ഉണ്ടാകുമോ ?ഭാരതം തന്നേയായിരുന്നു പവിത്രമായിരുന്നത് പിന്നീട് ഭാരതത്തേ തന്നേയാണ് രാവണൻ അപവിത്രമാക്കിയത് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഇപ്പോൾ രാവണരാജ്യമാണ്. ലങ്കയിലേ രാജാവായിരുന്നു എങ്കിൽ റാണിയും ഉണ്ടാകും. നിങ്ങൾ ഈ കാര്യങ്ങൾ അംഗീകരിക്കില്ല. രാവണൻ ഇപ്പോഴും ജീവിക്കുന്നുണ്ടോ, ഒന്നും മനസിലാകുന്നില്ല. ജീവിച്ചിരിക്കുന്നു പിന്നെ അദ്ദേഹത്തിന്റെ കോലമുണ്ടാക്കി കത്തിക്കുന്നു. ഒരു തവണ കത്തിച്ചാൽ പിന്നെ എന്തുണ്ടാകും ?ഓരോ വർഷവും കത്തിക്കുന്നു എങ്കിൽ നിങ്ങൾ കുട്ടികൾ മനസിലാക്കി കൊടുക്കണം. മൈസൂർ മഹാരാജാവിനേ പോലെ കമ്മിറ്റിയിലുള്ള ഉന്നതർ ഉത്സവം വളരെ ഗംഭീരമായി ആഘോഷിക്കാറുണ്ട്. വിദേശികളേയും കാണുന്നതിന് വേണ്ടി വിളിക്കുന്നു. ഒരു പക്ഷേ ഇങ്ങിനെ സംഭവിച്ചിരിക്കാം എന്ന് മനസിലാക്കുന്നു. എന്നാൽ ഒരിക്കലും ഇങ്ങിനെ സംഭവിച്ചിട്ടില്ല. നാടകമുണ്ടാക്കിയതാണ്. രാവണന്റെ നാടകവും ഉണ്ടാക്കുന്നു. അതിനാൽ ഈ രാവണന്റെ കാര്യങ്ങൾ മനസിലാക്കി കൊടുക്കണം. വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങളിപ്പോൾ രാവണരാജ്യത്തിരിക്കുന്നു. പതിത ലോകത്തേ തന്നേയാണ് രാവണ രാജ്യം എന്ന് പറയുന്നത്. രാമ രാജ്യത്തിന്റേയും, രാവണരാജ്യത്തിന്റേയും രഹസ്യം ഇപ്പോൾ നിങ്ങൾക്ക് മനസിലായി. രാവണൻ എന്ന് അഞ്ച് വികാരങ്ങളേയാണ് പറയുന്നത്, മറ്റൊന്നിനേയും അല്ല. രാവണ രാജ്യം ഇപ്പോൾ ഭാരതത്തിലാണ്

എന്ന് നിങ്ങൾക്ക് മനസിലായി. ഭാരതത്തിൽ തന്നേയാണ് ദസറയും, ദീപാവലിയും ആഘോഷിക്കുന്നത്. അതിനാൽ മനസിലാക്കി കൊടുക്കണം. രാവണൻ ജീവിച്ചിരിക്കുന്നു എങ്കിൽ രാവണ രാജ്യം വേണ്ടേ. പതിതമാക്കുന്നവനാണ് രാവണൻ. ഇപ്പോൾ സർവ്വവ്യാപിയായിരിക്കുന്ന അഞ്ച് വികാരങ്ങളേയാണ് രാവണൻ എന്ന് പറയുന്നത് എന്ന് നിങ്ങൾക്കറിയാം. മുമ്പ് ദസറയിൽ രാവണന്റെ ചിത്രം വെച്ചിരുന്നു, ഇതിൽ ദിവസവും, തിയ്യതിയും വെക്കണം. ഈ സമയം പതിതത്തിന്റെ വിനാശവും, പവിത്രതയുടെ സ്ഥാപനയും നടക്കുന്നു. നിങ്ങൾ പതിതത്തിൽ നിന്ന് പവിത്രമായി കൊണ്ടിരിക്കുന്നു, പവിത്രമായതിന് ശേഷം രാവണ സമ്പ്രദായങ്ങളെ കത്തിക്കും. രാവണൻ നശിക്കും, പിന്നെ സത്യയുഗത്തിൽ രാവണന്റെ കോലമൊന്നും ഉണ്ടാക്കേണ്ടി വരില്ല. എല്ലാവരും പവിത്രമായി മാറും. ആത്മാവിൽ സതോപ്രധാനത്തിന്റെ ശക്തിയുണ്ടാകുമ്പോൾ തിളങ്ങുന്ന ജ്യോതിയായി തീരുന്നു. പതിതമാകുന്നതിലൂടെ ആ ജ്യോതി അണഞ്ഞ് പോയിരുന്നു. ആത്മാവ് തന്നേയാണ് പതിതമായത്, പറക്കുന്നതിന് ശക്തിയില്ല. 5 വികാരങ്ങളാൽ ആത്മാവ് കലിയുഗത്തിലായി. ഇത് തീർച്ചയായും മനസിലാക്കി കൊടുക്കണം. ആത്മാവിനെ ഉണർത്തുന്നത് ഒരേയൊരു ബാബയാണ്. ജ്യോതി സ്വരൂപനായ പരമാത്മാവ് വരും എന്ന് എല്ലാവരും പറയുന്നുണ്ട്. ഇപ്പോൾ നിങ്ങൾ ആത്മാക്കളും ജ്യോതി സ്വരൂപരാണ്, പരമപിതാ പരമാത്മാവും ജ്യോതി സ്വരൂപമാണ്. നിങ്ങളുടെ ആത്മാവിന്റെ ജ്യോതി അണഞ്ഞ് പോയി. ബാക്കി അൽപ്പം മാത്രം അവശേഷിക്കുന്നു. മനുഷ്യർ മരിക്കുമ്പോൾ രാവും പകലും അവർക്ക് വിളക്ക് കത്തിക്കുന്നു. വിളക്കിനെ വളരെ ശ്രദ്ധിക്കുന്നു. എണ്ണ കഴിയുമ്പോൾ വീണ്ടും ഒഴിച്ച് കൊടുക്കുന്നു. ഇങ്ങിനെ തന്നേയാണ് ആത്മാവിനും. ബാബ വന്ന് എല്ലാവരിലും ജ്ഞാന ജ്യോതി തെളിയിക്കുന്നു. ജ്യോതി കത്തിച്ചാൽ എത്ര സമയം കത്തും? അവർ രാത്രിയിൽ കത്തിക്കുന്നു വീണ്ടും എണ്ണ ഒഴിച്ച് കൊടുക്കുന്നു. നിങ്ങളുടെ ജ്യോതി ഇപ്പോൾ കത്തി കൊണ്ടിരിക്കുന്നു. തെളിഞ്ഞ് തെളിഞ്ഞ് പിന്നീട് തെളിഞ്ഞ് തന്നെയിരിക്കും. ജ്യോതി അണയുന്നതിന് 5000 വർഷം എടുക്കും പിന്നീട് ബാബ വന്ന് എണ്ണ ഒഴിക്കും. ഇപ്പോൾ നിങ്ങളുടെ ജ്യോതി തെളിഞ്ഞിരിക്കുന്നു വീണ്ടും പതുക്കെ പതുക്കെ കല കുറഞ്ഞ് കൊണ്ടിരിക്കും. ജ്യോതി മങ്ങി പോകും. ഇപ്പോൾ ഞങ്ങളുടെ ജ്യോതി തെളിഞ്ഞ് കൊണ്ടിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം പിന്നീട് സത്യയുഗത്തിൽ വീട് വീടാന്തരം പ്രകാശം ഉണ്ടാകും. ഭാരതത്തിന്റെ തന്നെ കാര്യമാണ്. ഇപ്പോൾ വീടുകളിലെല്ലാം ഇരുട്ടാണ്. സന്തോഷമില്ല. സത്യ ത്രേതായുഗത്തിൽ ഞങ്ങൾ വളരെ സന്തുഷ്ടരായിരുന്നു, ആഘോഷിച്ചിരുന്നു എന്ന് നിങ്ങൾക്കറിയാം. എല്ലാവരുടെ ജ്യോതിയും തെളിഞ്ഞിരിക്കുന്നു പിന്നീട് കുറച്ച് കുറച്ച് മങ്ങി പോകുന്നു. ഈ സമയം പരിപൂർണ്ണമായും അണഞ്ഞ് പോയിരിക്കുന്നു. കറ വീണിരിക്കുന്നു. ബാബ വന്ന് വീണ്ടും ജ്ഞാന നെയ്യ് ഒഴിക്കുന്നു അതിലൂടെ നിങ്ങൾ വീണ്ടും തിളങ്ങുന്ന ജ്യോതിയായി തീരുന്നു. നിങ്ങളുടെ ജ്ഞാന നേത്രം തുറക്കുന്നു.

ഇപ്പോൾ ഞങ്ങളുടെ ശരീരം നശിച്ച് പോയി എന്ന് നിങ്ങൾക്കറിയാം, രാഹുവിന്റെ ഗ്രഹണം ബാധിച്ചിരിക്കുന്നു. നിങ്ങൾ കറുത്ത് പോകാൻ എത്ര സമയമെടുത്തു ? ആരംഭം മുതൽ അൽപ്പാൽപ്പമായി പിന്നീട് മായ പ്രവേശിക്കുന്നത് കാരണം വളരെ കറുത്ത് പോയി. ഇപ്പോൾ നിങ്ങൾക്ക് രാഹു ദശയാണ്. രാഹു ദശ വളരെ കടുത്തതാണ്. ഇപ്പോൾ വീണ്ടും ബൃഹസ്പതീ ദശയിലാണ് ഇരിക്കുന്നത് കാരണം വിശ്വത്തിന്റെ അധികാരിയാകുന്നതിന് വേണ്ടി നിങ്ങൾ വൃക്ഷപതിയായ ഗുരുവിലൂടെ പുരുഷാർത്ഥം ചെയ്ത് കൊണ്ടിരിക്കുന്നു. അത് അവിനാശിയായ ഗുരുവാണ്. ആരുടെ? അവിനാശീ ആത്മാക്കളുടെ. ആ മനുഷ്യർ ആത്മാക്കളുടെ ഗുരുവാകുന്നില്ല. അവർ മനുഷ്യരുടെ ഗുരുവാകുന്നു. ഇപ്പോൾ ബാബ വന്ന് നിങ്ങൾ ആത്മാക്കളുടെ ഗുരുവാകുന്നു. പരമപിതാ പരമാത്മാവാണ് വൃക്ഷപതി. ഞങ്ങൾക്കിപ്പോൾ ബൃഹസ്പതീ ദശയാണെന്ന് നിങ്ങൾക്കറിയാം. സ്വർഗത്തിലെ അധികാരിയാകും. അവിനാശീ സുഖത്തിലിരിക്കും, എന്നാൽ സുഖധാമിലെ മഹാരാജാ മഹാറാണിയാകുന്നതിന് വേണ്ടി ഇപ്പോൾ പുരുഷാർത്ഥം ചെയ്യണം. പുരുഷാർത്ഥം ഓരോരുത്തർക്കും അവരവരുടേതാണ്. ഇത് രുദ്രശിവന്റെ പാഠശാലയാണ്. ആ ശിവൻ ജ്ഞാനസാഗരനാണ്. നിങ്ങൾ ആ പാഠശാലയിൽ പഠിച്ചു കൊണ്ടിരിക്കുന്നു. ഭഗവാനുവാച – ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. അവിനാശീ ആത്മാക്കളുടെ അവിനാശീ പിതാവ് ഞാൻ തന്നേയാണ്. ഒന്ന് ആത്മീയ അച്ഛനും, മറ്റൊന്ന് ശരീരത്തിന്റെ അച്ഛനും. രണ്ട് വ്യത്യാസങ്ങളും പറയണം. ഭക്തിമാർഗത്തിൽ എല്ലാ ആത്മാക്കളും ഓർമ്മിക്കുന്ന ആത്മീയ അച്ഛനെ എപ്പോൾ ലഭിക്കുന്നു. ശരീരത്തിന്റെ അച്ഛൻ വിനാശിയാണ്. ആത്മാക്കൾ വിനാശിയാകുന്നില്ല. ഞങ്ങളുടെ ലൗകീക പിതാവ് ഓരോ ജന്മത്തിലും മാറി കൊണ്ടിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. അച്ഛനില്ലാതെ കുട്ടികളുടെ ജന്മം സാധ്യമല്ല. നിങ്ങൾ കുട്ടികൾക്കിപ്പോൾ വിശാലബുദ്ധി ലഭിച്ചിരിക്കുന്നു. ഞങ്ങൾ എപ്പോഴാണ് രണ്ടച്ഛന്മാരുള്ളവരാകുന്നത് എന്ന് നിങ്ങൾ മനസിലാക്കിയിരിക്കുന്നു. സത്യയുഗത്തിൽ ഒരു ലൗകിക അച്ഛൻ മാത്രമേയുള്ളൂ, അദ്ദേഹത്തേ തന്നേയാണ് ഓർമ്മിക്കുന്നത്.

ആത്മാക്കൾക്ക് ആ ആത്മീയ അച്ഛനെ ഓർമ്മിക്കേണ്ട ആവശ്യം വരുന്നില്ല. ആത്മാക്കൾക്ക്

സത്യയുഗത്തിൽ ഒരേയൊരു ലൗകീക അച്ഛൻ മാത്രമാണുണ്ടാകുന്നത്. അവിടെ ശരീരവും വെളുത്തതായിരിക്കും, പ്രാലബ്ധം അനുഭവിക്കുകയല്ലേ. അതിനാൽ അവിടെ ബാബയെ ഓർമ്മിക്കുന്നില്ല. അതിനാൽ നിങ്ങൾ ഇത് മനസിലാക്കി കൊടുക്കണം. ഭക്തിമാർഗ്ഗത്തിൽ ഒരു വിനാശീ ലൗകീക അച്ഛനായിരിക്കും, അത് ഓരോ ജന്മവും വേറേ ലഭിക്കുന്നു. നിങ്ങൾ ആത്മാക്കൾ അവിനാശിയാണ്, അവിനാശീ ബാബയെ ഓർമ്മിച്ച് കൊണ്ടിരിക്കുന്നു. പരമപിതാവ് പരംധാമിൽ വസിക്കുന്ന പിതാവാണ് എന്ന് പറയാറുമുണ്ട്. ലൗകീക പിതാവിനെ ഒരിക്കലും പരമപിതാ എന്ന് പറയില്ല. ഈ രണ്ട് അച്ഛന്മാരുടെ രഹസ്യം മനസിലാക്കി കൊടുക്കേണ്ടത് അത്യാവശ്യമാണ്. രാവണന്റെ രഹസ്യവും മനസിലാക്കി കൊടുക്കണം. രാവണരാജ്യം അതായത് പതിത രാജ്യം ഇപ്പോഴാണ്, അതിനാൽ പതിത പാവനനായ ബാബയെ വിളിച്ച് കൊണ്ടിരിക്കുന്നു. അത് അവിനാശിയായ അച്ഛനാണ്. തീർച്ചയായും രണ്ട് അച്ഛന്മാരും വേണം. ആത്മാവിനും അച്ഛനുണ്ട് അതിനാൽ പാരലൗകീക പരമപിതാ പരമാത്മാവിനെ ഓർമ്മിക്കുന്നു. ഓരോ ജന്മവും ലൗകീക അച്ഛൻ വേറെ ലഭിക്കുന്നു എന്നിട്ടും ആ ആത്മീയ അച്ഛനെ തീർച്ചയായും ഓർമ്മിക്കുന്നു. ആ അച്ഛൻ ഒരിക്കലും മാറുന്നില്ല. ബാബയും പറയുന്നു – നിങ്ങൾ അല്ലയോ പരമപിതാ പരമാത്മാ എന്ന് വിളിച്ച് എന്നെ ഓർമ്മിച്ചിരുന്നു. ഏത് വരെ നിങ്ങൾക്ക് ഓർമ്മിക്കണം, പിന്നീട് എപ്പോൾ അച്ഛനെ ലഭിക്കുന്നു ?ഇത് ഇപ്പോൾ നിങ്ങൾക്ക് മനസിലായി. എപ്പോൾ ഭക്തി അവസാനിക്കുന്നുവോ അപ്പോൾ ഭക്തിയുടെ ഫലം നൽകുന്നതിന് ബാബ വരുന്നു. ബാബ മനസിലാക്കി തന്നിട്ടുണ്ട് – എല്ലാ ഭക്തർക്കും മുക്തീ – ജീവന്മുക്തി നൽകുന്നു. സത്യയുഗത്തിൽ ഒരേയൊരു ധർമ്മമാണുണ്ടാവുക എന്ന് നിങ്ങൾക്കറിയാം, അതിനേയാണ് ഏകത്വം എന്ന് പറയുന്നത്. എല്ലാവരും കൂടി ചേർന്ന് ഒന്നായി തീരും എന്ന് പറയാറുണ്ട്. എന്നാൽ എല്ലാ ധർമ്മങ്ങളും ചേർന്ന് ഒന്നാകുക സാധ്യമല്ല. ഒരു രാജ്യം മാത്രമാകുമ്പോൾ പവിത്രതയും, സുഖവും, ശാന്തിയും ഉണ്ടാകുന്നു. തീർച്ചയായും ഭാരതത്തിൽ രാമരാജ്യമായിരുന്നു. ഇപ്പോൾ ഇത് രാവണരാജ്യമാണ്, അതിനാൽ രാവണനെ കത്തിച്ച് കൊണ്ടിരിക്കുന്നു. രണ്ട് അച്ഛനേ കുറിച്ച് മനസിലാക്കി കൊടുക്കുമ്പോൾ പെട്ടെന്ന് മനസിലാകും. അവിനാശീ അച്ഛൻ തീർച്ചയായും ഉണ്ട്, പുതിയ ലോകം രചിക്കുന്ന ബാബ തന്നേയാണ് അത്. പുതിയ ലോകത്ത് ദേവീ ദേവതമാരാണ് പിന്നീട് അതേ ലോകം പുതിയതിൽ നിന്ന് പഴയതായി തീരുന്നു. പുതിയ ലോകത്ത് എത്ര ജന്മമെടുക്കുന്നു, പഴയ ലോകത്ത് എത്ര ജന്മമെടുക്കുന്നു എന്നും നിങ്ങൾക്കറിയാം. 84 ജന്മത്തെ പകുതിയാക്കി 42 ജന്മം പുതിയ ലോകത്തും 42 ജന്മം പഴയ ലോകത്തും, ഇങ്ങിനെയല്ല. ഭാരതവാസികൾക്ക് ആദ്യം 100, 125 വർഷം ആയുസ്സുണ്ടായിരുന്നു, ഇപ്പോൾ 40–50 വർഷം കഷ്ടിച്ചുണ്ടാകുന്നു. അതിനാൽ പകുതി പകുതി ആകുക സാധ്യമല്ല. 84 ജന്മത്തേ കണക്ക് വേണ്ടേ. ബാബ പറയുന്നു നിങ്ങളുടെ 84 ജന്മത്തെ ചക്രം ഇപ്പോൾ പൂർത്തിയായി. നിങ്ങൾക്കറിയില്ലായിരുന്നു, ഞാൻ മനസിലാക്കി തരുന്നു, 84 ജന്മത്തെ രഹസ്യം പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും മനസിലാക്കി തരാൻ സാധിക്കില്ല. നിങ്ങൾ ബാബയിൽ നിന്ന് കേട്ട് സന്തോഷിക്കുന്നു, പിന്നീട് പുതിയ ലോകത്തിന് വേണ്ടി പുരുഷാർത്ഥം ചെയ്യുന്നു.

ഞങ്ങളിപ്പോൾ പരിധിയില്ലാത്ത പാരലൗകീക അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പത്തെടുത്ത് കൊണ്ടിരിക്കുന്നു എന്ന് ഇപ്പോൾ കുട്ടികൾ മനസിലാക്കി പറഞ്ഞ് കൊടുക്കണം. സ്വർഗത്തിന്റെ സ്ഥാപന നടക്കുമ്പോഴാണ് ആ ബാബ വരുന്നത്. ആ ബാബയെ സ്വർഗീയ പിതാവ് എന്ന് പറയുന്നു. പുതിയ വീട് ഉണ്ടാക്കുമ്പോൾ പഴയ വീടിനെ പൊളിക്കുന്നു. സ്ഥാപന പിന്നീട് വിനാശം എന്ന് എഴുതിയിട്ടുമുണ്ട്. സ്ഥാപന പൂർത്തിയാകുമ്പോൾ വിനാശം ഉണ്ടാകും. ഈ ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യുന്നത് പരമപിതാ പരമാത്മാവാണ്. സൂക്ഷ്മവതനവാസിയെ പ്രജാപിതാ എന്ന് പറയില്ല എന്നും ബാബ മനസിലാക്കി തന്നിട്ടുണ്ട്. അവിടെ പ്രജകൾ ഉണ്ടാകുന്നില്ല, എങ്കിൽ തീർച്ചയായും പ്രജാപിതാ ബ്രഹ്മാ ഇവിടെയാണുണ്ടാകുന്നത്. അദ്ദേഹം തന്നേയാണ് പിന്നീട് അവ്യക്ത സമ്പൂർണ്ണനാകുന്നത്. അവ്യക്തനാണ് അദ്ദേഹം, തീർച്ചയായും വ്യക്തമാണെങ്കിൽ മാത്രമേ പിന്നീട് അവ്യക്തമാകാൻ സാധിക്കൂ. രണ്ടും ഇപ്പോൾ കാണിക്കുന്നു. പ്രജാപിതാ ബ്രഹ്മാവ് ഇവിടേയും ഉണ്ട്. സൂക്ഷ്മവതനത്തിലും ഉണ്ട്. പ്രജാപിതാവ് ഇവിടെയാണ് വേണ്ടത്. തീർച്ചയായും പ്രജാപിതാ ബ്രഹ്മാവിന്റെ മക്കളും ഇവിടെ തന്നേയാണ്. പ്രദർശിനിയിൽ രണ്ടച്ഛന്മാരുടെ രഹസ്യം മനസിലാക്കി കൊടുക്കണം. ഓരോരുത്തർക്കും വേറെ വേറെ മനസ്സിലാക്കി കൊടുക്കണം എന്ന് നിയമമുണ്ട്. ഇപ്പോൾ അവിടെ ആർക്ക് എങ്ങിനെ മനസിലാക്കി കൊടുക്കും? മനസ്സിലാക്കി കൊടുക്കുന്നതിന് ഏകാന്തത വേണം. അവിടെ പ്രദർശിനിയിൽ വളരെ ബഹളമായിരിക്കും. ഇവിടെ നിങ്ങൾക്ക് ഒരു ഒന്ന് ഒന്നര മണിക്കൂർ ലഭിക്കും മനസിലാക്കി കൊടുക്കുന്നതിന്. അവിടെ അത്രയും തിരക്കിൽ മനസിലാക്കി കൊടുക്കുക വളരെ പ്രയാസമാണ്. അനേക പ്രകാരത്തിലുള്ള ധർമ്മത്തിൽ പെട്ടവർ ഉണ്ട്. ചിലർ എന്തെങ്കിലും പറഞ്ഞ് കൊണ്ടിരിക്കും. മിണ്ടാതിരിക്കുകയേ ഇല്ല. ഒന്ന് ലൗകീകത്തിലെ ദേഹത്തിന്റെ അച്ഛനാണ്, രണ്ടാമത്തേത് പാരലൗകീക ആത്മീയ അച്ഛനും എന്ന് നിങ്ങൾ കേൾപ്പിക്കും. പാരലൗകീക അച്ഛൻ പരമപിതാ പരമാത്മാവാണ്

.ഇപ്പോൾ ബ്രഹ്മാവിലൂടെ സ്വർഗത്തിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുന്നു. നരകത്തിന്റെ വിനാശവും സമീപം നിൽക്കുന്നു. മഹാഭാരത യുദ്ധമല്ലേ. ഇത് രാജയോഗവും ആണ്, രാജ്യം നേടുന്നതിനുള്ള ഗീതാ പാഠശാലയും ആണ്. ഭഗവാനുവാച – എല്ലാവർക്കും രണ്ടച്ഛൻ ഉണ്ട്. കൃഷ്ണനെ എല്ലാ ആത്മാക്കളുടേയും അച്ഛൻ എന്ന് പറയില്ല. ആത്മാക്കളുടെ അച്ഛനായ പരമപിതാ പരമാത്മാവ് പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ശരി !

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1. സ്വയത്തിൽ ജ്ഞാന നെയ്യ് നിറച്ച് സദാ തെളിഞ്ഞ് കൊണ്ടിരിക്കുന്ന ജ്യോതിയായി ഇരിക്കണം. ബാബയുടെ ഓർമ്മയിലിരുന്ന് രാഹുവിന്റെ ഗ്രഹണം ഇല്ലാതാക്കണം.

2. ആത്മീയവും, ശാരീരികവുമായി രണ്ടച്ഛന്മാരുണ്ട്, ഈ തിരിച്ചറിവ് ഓരോരുത്തർക്കും നൽകി പരിധിയില്ലാത്ത സമ്പത്തിന്റെ അധികാരിയാക്കണം.

## വരദാനം:– പ്രവർത്തിമാർഗ്ഗത്തിലിരുന്ന് കൊണ്ട് ഒരു ബാബയോടൊപ്പം കമ്പൈന്റായി ഇരിക്കുന്ന ദേഹത്തിന്റെ സംബന്ധങ്ങളിൽ നിന്ന് മുക്തരായി ഭവിക്കട്ടെ.

പ്രവർത്തി മാർഗ്ഗത്തിൽ പവിത്ര പ്രവർത്തിയുടെ വേഷം അഭിനയിക്കണമെങ്കിൽ ദേഹത്തിന്റെ സംബന്ധങ്ങളിൽ നിന്ന് മുക്തരായിരിക്കൂ. ഞാൻ പുരുഷനാണ്, ഇവർ സ്ത്രീയാണ്– ഈ മനോഭാവം സ്വപ്നത്തിൽ പോലും വരരുത്. ആത്മാവ് ഭായി–ഭായി ആണെങ്കിൽ പിന്നെ സ്ത്രീ– പുരുഷൻ എവിടെ നിന്ന് വന്നു. ദമ്പതിമാരാണെങ്കിൽ താങ്കളും ബാബയുമാണ്. ഇതാണെങ്കിൽ നിമിത്തമാത്രം സേവാർത്ഥമാണ്, ബാക്കി കമ്പൈന്റ് രൂപത്തിൽ താങ്കളും ബാബയുമാണ്. ഇങ്ങനെ മനസ്സിലാക്കി നടക്കൂ അപ്പോൾ പറയാം ധൈര്യശാലി വിജയീ ആത്മാ.

## സ്ലോഗൻ:– സദാ തൃപ്തരും സന്തുഷ്ടരുമായിരിക്കുന്നവർ തന്നെയാണ് സന്തുഷ്ട ഭാഗ്യശാലി, തീവ്രപുരുഷാർത്ഥികൾ.